മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 25

# വാർത്താക്കുറിപ്പ്

---

## പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ഒഴിവ്

സർവ്വകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ഐ.ഐ.യു.സി.എൻ.എൻ.) യിൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോയുടെ ഒരൊഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിലേതിലെങ്കിലും പി.എച്ച്.ഡി. യും പീസോഇലക്ട്രിക് കോമ്പസൈറ്റ്സ്, മാഗ്നറ്റോഇലക്ട്രിക് മൾട്ടിഫെറോയിക് കോമ്പസൈറ്റ്സ് എന്നിവയിൽ പ്രവൃത്തിപരിചയവുമുള്ളവർ്ക്ക് അപേക്ഷിക്കാം. പോളിമർ സയൻസ് (പി.വി.ഡി.എഫ്. സിസ്റ്റം), ഇലക്ട്രോസ്പിന്നിംഗ്, മാഗ്നെറ്റിസം എന്നിവയിൽ പ്രവൃത്തി പരിചയമോ പേറ്റൻറോ ഉയർന്ന നിലവാരമുള്ള പ്രസിദ്ധീകൃതമായ പ്രബന്ധങ്ങളോ ഉള്ളവർക്ക് മുൻഗണനയുണ്ടായിരിക്കും. നിയമനം ഒരു വർഷത്തേക്ക് താൽകാലികാടിസ്ഥാനത്തിലായിരിക്കും. അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി മെയ് 30 വൈകിട്ട് അഞ്ച് മണി വരെ. കൂടുതൽ വിവരങ്ങൾക്ക് www.mgu.ac.in, www.iiucnn.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 9447671962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

(പി.ആർ.ഒ./39/634/2022)

## സി.എ.റ്റി പരീക്ഷ: ഹാൾ ടിക്കറ്റ്

സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററിലെയും വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനു വേണ്ടിയുള്ള പൊതു പ്രവേശന പരീക്ഷ മെയ് 27 (വെള്ളി), മെയ് 29 (ഞായർ) തീയതികളിലായി തിരുവനന്തപുരം എസ്.എം.വി. ഗവ. മോഡൽ എച്ച്.എസ്.എസ്. സ്കൂൾ, കോട്ടയം സി.എം.എസ്. കോളേജ്, എറണാകുളം സെന്റ്. പോൾസ് കോളേജ്, കോഴിക്കോട് ഗവ. വൊക്കേഷണൽ എച്ച.എസ്.എസ്. ഫോർ ഗേൾസ്,
കണ്ണൂർ ശ്രീ നാരായണ കോളേജ് എന്നീ കേന്ദ്രങ്ങളിൽ നടക്കും. പൊതു പ്രവേശന പരീക്ഷയ്ക്കുള്ള ഹാൾ ടിക്കറ്റ് www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 0481-2733595 എന്ന ഫോൺ നമ്പറിലോ, cat@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

(പി.ആർ.ഒ./39/635/2022)

## പരീക്ഷാ തീയതി

ബി.ടെക്ക്. (പഴയ സ്കീം - 1997 മുതൽ 2009 വരെയുള്ള അഡ്മിഷനുകൾ) നാലാം സെമസ്റ്റർ - മേഴ്സി ചാൻസ് പരീക്ഷകൾ ജൂൺ എട്ടിനും ഏഴാം സെമസ്റ്റർ - മേഴ്സി ചാൻസ് പരീക്ഷകൾ ജൂൺ ഒൻപതിനും എട്ടാം സെമസ്റ്റർ - മേഴ്സി ചാൻസ് പരീക്ഷകൾ ജൂൺ പത്തിനും ആറാം സെമസ്റ്റർ മേഴ്സി ചാൻസ് പരീക്ഷകൾ ജൂലൈ നാലിനും ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/636/2022)

## പരീക്ഷാ ഫലം

2021 സെപ്റ്റംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേണലിസം (സി.എസ്.എസ്. - 2019 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ജൂൺ എട്ട് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/637/2022)

2021 മാർച്ചിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്ററുകൾ എം.എ. അറബിക് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (2019 അഡ്മിഷൻ - റെഗുലർ - പ്രൈവറ്റ് പഠനം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ജൂൺ എട്ട് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/638/2022)

സ്കൂൾ ഓഫ് ലെറ്റേഴ്സ് 2021 ഡിസംബറിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (ഇംഗ്ലീഷ്, മലയാളം) ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ഫാക്കൽറ്റി, സി.എസ്.എസ് - 2018-2019 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/639/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ